**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1220** **10-10-2024 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവർത്തനങ്ങളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളായ ഇളമണ്ണൂർ-കലഞ്ഞൂർ-പാടം റോഡ്, ആനയടി-കൂടൽ റോഡ്, പ്ലാപ്പള്ളി-അച്ചൻകോവിൽ റോഡ് എന്നീ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | **കലഞ്ഞൂർ പാടം റോഡ്** - കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ കലഞ്ഞൂർ പാടം റോഡ് പ്രവൃത്തിക്കായി 15 കോടി രൂപയുടെ ഭരണാനുമതിയും 22.29 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 21.90 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തി 20.44 കോടി രൂപയ്ക്ക് കരാറുകാരൻ ഏറ്റെടുത്തു. കിഫ്ബി ഫണ്ട് വിനിയോഗിച്ച് കൊണ്ട് നടപ്പിലാക്കുന്ന പ്രസ്തുത പ്രവൃത്തി 15.08.2018 ൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ആരംഭിച്ച 2021 ഓഗസ്റ്റ് മാസത്തിൽ കെ.ആർ.എഫ്.ബി യ്ക്ക് കൈമാറി. നിലവിൽ Ch:0/000 (ഇളമണ്ണൂർ $23^{rd}$ മൈൽ) മുതൽ Ch:10/115 (വാഴപ്പാറ) വരെ ഉള്ള ഭാഗങ്ങളിൽ BM പ്രവൃത്തികൾ, Ch:0/000 (ഇളമണ്ണൂർ $23^{rd}$ മൈൽ) മുതൽ Ch: 6/360 (വാഴപ്പാറ) വരെ ഉള്ള ഭാഗങ്ങളിൽ BC പ്രവൃത്തികൾ, KWA റെസ്റ്റോറേഷൻ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ പുരോഗതി മന്ദഗതിയിൽ ആയതിനാൽ പ്രവൃത്തിയുടെ കരാർ 28.12.2022 ൽ കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ റദ്ദ് ചെയ്തു. തുടർന്ന് 6.84 കോടി രൂപയുടെ DSOR 2018 പ്രകാരമുള്ള ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ടെൻഡർ ചെയ്തു. റീ-ടെൻഡറിൽ ഒരു ബിഡ് ലഭിക്കുകയും ആയത് 13.10.2023 ൽ നടന്ന 47-ാം ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തികളുടെ മിച്ചം പ്രവൃത്തികൾക്ക് ആദ്യ ടെൻഡറിന്റെ DSOR നിരക്കിൽ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന നിർദ്ദേശത്തെതുടർന്ന് പ്രവൃത്തി മൂന്ന് പ്രാവശ്യം ടെൻഡർ ചെയ്തിരുന്നെങ്കിലും കരാറുകാരനെ ലഭിച്ചില്ല. |

08.04.2024 ൽ കരാറുകാരന്റെ നഷ്ട്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തികളുടെ ശേഷിച്ച പ്രവൃത്തികൾക്ക് ടെൻഡർ ചെയ്യുന്ന സമയത്തെ DSOR നിരക്കിൽ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി 5.63 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. തുടർന്ന് നടന്ന പതിനൊന്നാമത്തെ ടെൻഡറിൽ 2 ബിഡ് ലഭിച്ചു. അതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനായ M/s. ULCCS സമർപ്പിച്ച ടെണ്ടർ 31.08.2024 ൽ നടന്ന 53-ാം ടെൻഡർ അപ്രൂവൽ കമ്മിറ്റി പരിശോധിച്ചു. കൂടിയ നിരക്കിൽ ക്വാട്ട് ചെയ്തതിനാൽ ടെണ്ടറിന് അംഗീകാരം നൽകുന്നത് പരിശോധിച്ചുവരുന്നു.

**ആനയടി കൂടൽ റോഡ്** - കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ ആനയടി കൂടൽ റോഡ് പ്രവൃത്തിക്കായി 40 കോടി രൂപയുടെ ഭരണാനുമതിയും 133.94 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 100.71 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തി 92.96 കോടി രൂപയ്ക്ക് M/s. മെറ്റാഗാർഡ് എഞ്ചിനിയേഴ്സ് ആൻഡ് കോൺട്രാക്ടേഴ്സ് ഏറ്റെടുത്തിരുന്നു. കോന്നി മണ്ഡലത്തിൽ 5 km ആണ് ഉൾപ്പെടുന്നത്. പ്രസ്തുത റോഡ് പ്രവൃത്തി 90% പൂർത്തിയായിട്ടുണ്ട്. നിലവിൽ പ്രവൃത്തിയുടെ മുഴുവൻ സ്ട്രെച്ചും DGBM പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ വീതി കൂട്ടുന്ന പ്രവൃത്തികൾ, KSEB, KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ എന്നിവ പുരോഗമിച്ചുവരുന്നു. പ്രവൃത്തിക്കായി GST, Price excalation എന്നിവ ഉൾപ്പടെയുള്ള പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകേണ്ടതുണ്ട് ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അച്ചൻകോവിൽ പ്ലാപ്പള്ളി റോഡ്** - കോന്നി മണ്ഡലത്തിലെ മറ്റൊരു കിഫ്ബി പ്രവൃത്തിയാണ് അച്ചൻകോവിൽ പ്ലാപ്പള്ളി റോഡ് പ്രവൃത്തി. പ്രസ്തുത പ്രവൃത്തിക്ക് 25 കോടി രൂപയുടെ ഭരണാനുമതിയും 43.41 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ടി റോഡിനു നാല് സ്ട്രെച്ചുകൾ ആണ് നിലവിൽ ഉള്ളത്. സ്ട്രെച്ച് ഒന്നായ കടമ്പുപ്പാറ ജംഗ്ഷനിൽ നിന്നും കല്ലേലി ബ്രിഡ്ജ് ജംഗ്ഷൻ വരെയുള്ള റോഡിന്റെ ആകെ നീളം 15.88 കിലോമീറ്ററാണ്. പൂർണ്ണമായും വനഭൂമിയിലൂടെ കടന്നുപോകുന്ന റോഡ് നിലവിൽ ലഭ്യമായ ROW യിൽ നവീകരിച്ച് ഗതാഗത യോഗ്യമാക്കിയെടുക്കുന്നതിനുള്ള പ്രവൃത്തികൾ

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയുള്ള ഡി.പി.ആർ തയ്യാറാക്കി വരികയാണ്. ഇതിന് വനംവകുപ്പിന്റെ എൻ.ഒ.സി ലഭ്യമാകേണ്ടതുണ്ട്.<br><br>അച്ചൻകോവിൽ പ്ലാപ്പള്ളി റോഡിന്റെ രണ്ടാമത്തെ സ്ട്രെച്ചായ നീലിപിലാവ് ടൈൽ റോഡിന്റെ ആകെ നീളം 1.525 കി.മി ആണ്. സ്ട്രെച്ച് 2 റോഡ് പ്രവൃത്തിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതു ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മൂന്നാമത്തെ സ്ട്രെച്ചായ തണ്ണിത്തോട് ചിറ്റാർ റോഡിന്റെയും നാലാമത്തെ സ്ട്രെച്ചായ ഉറുമ്പിനി വാലുപാറ റോഡിന്റെയും ആകെ നീളം 4.835 കിലോമീറ്ററും 3.547 കിലോമീറ്ററുമാണ്. പ്രസ്തുത 3,4 സ്ട്രെച്ചുകളിലെ പ്രവൃത്തി ടെൻഡർ ചെയ്യുകയും M/s. രാജി മാത്യു & കമ്പനി സമർപ്പിച്ച ടെൻഡറിന് അംഗീകാരം നൽകിയിട്ടുള്ളതും 26/06/2024 ൽ കരാർ വച്ചിട്ടുള്ളതുമാണ്. പ്രവൃത്തിയുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് അംഗീകരിക്കുന്നതിനുള്ള പരിശോധനകൾ പുരോഗതിയിലാണ്. |
| (ബി) | കോന്നി മണ്ഡലത്തിലെ ഐരവൺ പാലം, കരിമാൻതോട് പാലം, ചിറ്റൂർ കടവ് പാലം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | 1. ഐരവൺ പാലം: - പ്രവൃത്തിയുടെ ഭാഗമായി പൈലിംഗ് പുരോഗമിക്കുന്നു. നിലവിൽ 30% പുരോഗതി കൈവരിച്ചിട്ടുണ്ട്.<br><br>2. കരിമാൻതോട് പാലം:- സാങ്കേതികാനുമതി നൽകി. മൂന്ന് തവണ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടും ആരും തന്നെ പ്രവൃത്തി എറ്റെടുക്കാത്തതിനാൽ നാലാമത് റീ - ടെണ്ടർ ചെയ്തിട്ടുണ്ട്.<br><br>3. ചിറ്റൂർക്കടവ് പാലം: ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പ് പ്രവൃത്തികൾ പുരോഗമിക്കുന്നു. മാറ്റങ്ങൾ നിർദ്ദേശിച്ച ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരമുള്ള GD ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. |
| (സി) | കോന്നി മണ്ഡലത്തിലെ സീതത്തോട്-കൊച്ചുകോയിക്കൽ റോഡ്, മലയാലപ്പുഴ റോഡ് എന്നീ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (സി) | കോന്നി നിയോജക മണ്ഡലത്തിലെ സീതത്തോട് - കൊച്ചുകോയിക്കൽ റോഡ് അളിയൻ മുക്ക് - കൊച്ചു കോയിക്കൽ റോഡ് ക്രോസ്സ് ഡ്രൈനേജ് വർക്ക് നടന്നുകൊണ്ടിരിക്കുന്നു. എഗ്രിമെന്റ് പ്രകാരമുള്ള DR വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. മലയാലപ്പുഴ റോഡ് പ്രവൃത്തിയുടെ, സംരക്ഷണ ഭിത്തിയുടെയും കലുങ്കുകളുടെയും പ്രവൃത്തികൾ പുരോഗമിക്കുന്നു. ടി റോഡിൽ കേരള വാട്ടർ അതോറിറ്റിയുടെ ജലജീവൻ മിഷന്റെ പ്രവൃത്തികൾക്കുള്ള പൈപ്പുകൾ |

| | | | |
|---|---|---|---|
| | | | ഇടുന്നതിനുള്ള ഫണ്ട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെ ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. |
| (ഡി) | കോന്നി മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവഹണം നടത്തുന്ന വിവിധ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (ഡി) | കോന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട 18 പ്രവൃത്തികളിൽ 2 പ്രവൃത്തികൾ (Govt. LPS Vallicode, welfare UP School, Thannithodu) പൂർത്തീകരിക്കുകയും,. 13 പ്രവൃത്തികൾ പുരോഗതിയിലുമാണ്. 2024-25 ൽ 20% ബഡ്ജറ്റിൽ ഉൾപ്പെട്ട 2 പ്രവൃത്തികൾ (മൈലപ്ര മാർക്കറ്റ് നവീകരണവും, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും, പൂങ്കാവ് മാർക്കറ്റ് നവീകരണവും, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും) ടോട്ടൽ സ്റ്റേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് AR drawing നായി ചീഫ് ആർക്കിടെക്റ്റിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഒരെണ്ണത്തിന് (കലഞ്ഞൂർ കൺവെൻഷൻ സെന്റർ) അതിർത്തി നിർണ്ണയിച്ച് നൽകിയിട്ടില്ല. പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | FHC Chittar | 200 | ഫിനിഷിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 2 | Govt. LPS Peroorkulam | 150 | ഫൗണ്ടേഷൻ പണികൾ ആരംഭിച്ച സമയത്ത് Ground Water Table- ന്റെ ലെവലിൽ വ്യത്യാസം കണ്ടതിനാൽ പണി നിർത്തി വെക്കേണ്ടതായി വന്നു. തുടർന്ന് വിദഗ്ദാഭിപ്രായം തേടുകയും, 3 രീതിയിലുള്ള ഫൗണ്ടേഷൻ നിർമ്മാണം ശുപാർശ ചെയ്യപ്പെടുകയും ചെയ്തു. അതനുസരിച്ച് ഫൗണ്ടേഷൻ പണികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | Govt. LPS Vallicode | 120 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | Govt. LPS, Malayalapuzha | 120 | കെട്ടിടം പൂർത്തീകരിച്ചു. ബാലൻസ് പ്രവൃത്തി (36 L) യുടെ LOA 15/08/2024 ൽ കരാറുകാരന് നൽകിയിട്ടുണ്ട്. |
| 5 | Govt. UPS, Mundanpara | 100 | പ്രവൃത്തി ടെണ്ടർ ചെയ്തു. പഴയ കെട്ടിടം പൊളിച്ചു മാറ്റാത്തതിനാൽ LOA നൽകാൻ സാധിക്കില്ല |
| 6 | Govt. VHSS, Koodal | 75 | സാങ്കേതിക അനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്. |
| 7 | Annual plan 2022-23- Govt. LPS, Koothattukulam | 150 | LOA കരാറുകാരന് 03/10/2024 ൽ നൽകിയിട്ടുണ്ട്. |
| 8 | Annual Plan 2023-24- Govt. HSS Kalanjoor | 200 | 15/08/2024 ൽ കരാറുകാരന് LOA നൽകിയിട്ടുള്ളതും എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുള്ളതുമാണ്. |
| 9 | Annual Plan 2022-23- Govt. LPS Padam | 100 | സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്. |
| 10 | NABARD-FHC Koodal | 608.84 | സൈറ്റിൽ നിലവിലെ തറ നിരപ്പിന് തൊട്ടു താഴെ മിക്കയിടങ്ങളിലും പാറ കാണപ്പെട്ടതിനാൽ, അത് കെമിക്കൽ ബ്ലാസ്റ്റിംഗ് മുഖേന പൊട്ടിച്ചു മാറ്റുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ഇപ്രകാരം ലഭ്യമാകുന്ന ഡിപ്പാർട്ടുമെന്റൽ റബിൾ ഉപയോഗിച്ച് നിർമ്മിക്കുന്ന റീട്ടെയിനിംഗ് വാളിന്റെ നിർമ്മാണവും പുരോഗമിക്കുന്നു . ഫുട്ടിംഗിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. |
| 11 | NABARD-FHC Malayalapuzha | 670.58 | ഗ്രൗണ്ട് ഫ്ലോറിന്റെ റൂഫ് കോൺക്രീറ്റ് ഭാഗികമായി പൂർത്തീകരിച്ചു. ഒന്നാം നിലയുടെ Block II- ന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |
| 12 | Smart village office, Koodal | 44 | പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ് |
| 13 | MLA-ADF-2018-19- Govt. Taluk Hospital Konni | 750 | പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ് |

| | | | |
|---|---|---|---|
| 14 | W&C Hsopital Chittar | 700 | സാങ്കേതിക അനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്. |
| 15 | Welfare UP School Thannithodu | 29.58 | പ്രവൃത്തി പൂർത്തീകരിച്ചു. |

## 20% Budget work

| | | | |
|---|---|---|---|
| 1 | മൈലപ്ര മാർക്കറ്റ് നവീകരണവും, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും | 500 | Chief Architect ഓഫീസ് മുഖേന AR drawing തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| 2 | പൂങ്കാവ് മാർക്കറ്റ് നവീകരണവും, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും | 300 | Chief Architect ഓഫീസ് മുഖേന AR drawing തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| 3 | കലഞ്ഞൂർ കൺവെൻഷൻ സെന്റർ | 300 | നിർദ്ദിഷ്ട സൈറ്റിന്റെ അതിർത്തികൾ വ്യക്തമല്ലാത്തതിനാൽ, ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുന്നതിനായി അവ ഡീമാർക്കേറ്റ് ചെയ്തു നൽകണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് റവന്യൂ പഞ്ചായത്ത് അധികൃതർ ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |